അംഗീകാരങ്ങളുടെ നിറവിൽ
എൽഡിഎഫ് സർക്കാരിന്റെ രണ്ടാം വാർഷികാഘോഷം
ഏപ്രിൽ – മെയ്

പൊളി വൈബിൽ ജല മെട്രോ

വര: നിതിൻ

ജെയ്സൻ ഫ്രാൻസിസ്
കൊച്ചി

ലോകത്താകെ ഹിറ്റായി കൊച്ചിയുടെ സ്വന്തം ജലമെട്രോ യാത്ര തുടരുന്നു. ആഗോള തലത്തിൽ ഖ്യാതി നേടിയ പദ്ധതിയിലൂടെ രാജ്യാതിർത്തി കടക്കുകയാണ് കേരളത്തിന്റെ പെരുമയും. ഏപ്രിൽ 26ന് ഹൈക്കോടതി– വൈപ്പിൻ റൂട്ടിലായിരുന്നു കന്നിയാത്ര. തൊട്ടടുത്ത ദിവസം വൈറ്റില– കാക്കനാട് റൂട്ടിലും സർവീസ് തുടങ്ങി. 12–ാം ദിവസം ഒരുലക്ഷം യാത്രക്കാർ കടന്നു.

ഇന്ത്യയിലെ ആദ്യ ജലമെട്രോയാണ് കൊച്ചിയിലേത്. 1136.83 കോടി രൂപ ചെലവിട്ടാണ് എൽഡിഎഫ് സർക്കാർ പദ്ധതി യാഥാർഥ്യമാക്കിയത്. ഫണ്ട് നൽകില്ലെന്ന കേന്ദ്ര സർക്കാർ നിലപാട് മറികടന്നാണ് ഈ വിജയം. ജർമൻ ഫണ്ടിങ് ഏജൻസിയായ കെഎഫ്ഡബ്ല്യു സഹായം ലഭിച്ചു. എട്ടു ബോട്ടാണ് സർവീസിനുള്ളത്. അടുത്തമാസം രണ്ടു ബോട്ടുകൂടി കൈമാറും. സൗത്ത് ചിറ്റൂർ, ഏലൂർ, ചേരാനല്ലൂർ ടെർമിനലുകളുടെ നിർമാണം പൂർത്തിയായി. വൈറ്റിലയ്ക്കും കാക്കനാടിനുമിടയിൽ എരൂർ ടെർമിനൽ നിർമാണത്തിന് സ്ഥലം കണ്ടെത്തി. ഉടൻ കൂടുതൽ റൂട്ടിൽ സർവീസ് തുടങ്ങും. ബോട്ടുകൾ തദ്ദേശീയമായാണ് നിർമിച്ചത്.

ഒരേസമയം 100 പേർക്കും 50 പേർക്കും യാത്ര ചെയ്യാൻ കഴിയുന്ന ബോട്ടുണ്ട്. ബാറ്ററിയിലും ഹൈബ്രിഡ് രീതിയിലും പ്രവർത്തിപ്പിക്കാം. വളരെ വേഗം ചാർജാകും. ബാറ്ററിയിൽ എട്ടു നോട്ടിക്കൽ മൈലും ഹൈബ്രിഡ് മോഡിൽ 10 നോട്ടുമാണ് വേഗം. ഫ്ലോട്ടിങ് ജെട്ടികളാണുള്ളത്. വൈറ്റില ഹബ്ബിലെ ഓപ്പറേറ്റിങ് കൺട്രോൾ സെന്ററിൽനിന്ന് സഞ്ചാരം നിരീക്ഷിക്കാനാകും.

രാത്രിയാത്രയിൽ ബോട്ട് ഓപ്പറേറ്ററെ സഹായിക്കാൻ തെർമൽ കാമറയുണ്ട്.

കൊച്ചി ജലമെട്രോയുടെ വിശേഷങ്ങൾ സ്വന്തം ഇൻസ്റ്റഗ്രാം പേജിൽ പങ്കുവച്ച വേൾഡ് ഇക്കണോമിക് ഫോറം ജലമെട്രോയെ വിശേഷിപ്പിച്ചത് പരിസ്ഥിതിസൗഹൃദ യാത്രാസൗകര്യത്തിന്റെ പുതുമാതൃകയെന്നാണ്.

സൂപ്പറാണ് വണ്ടറാണ്

‘ജലമെട്രോ സൂപ്പറാണ്. യാത്ര അടിപൊളി. സുഖകരവും സുരക്ഷിതവുമായ യാത്രയാണിതിൽ. ഏറ്റവും മികച്ച സൗകര്യങ്ങളാണ് ബോട്ടിലുള്ളത്– നഴ്സിങ് വിദ്യാർഥിനികളായ അനീറ്റയുടെയും നന്മയുടെയും വാക്കുകളിലുണ്ട് ജലമെട്രോയിലെ വൈബ്. ടിപ്പുകളുടെ എണ്ണം ഇനിയും കൂട്ടണമെന്ന് കൂട്ടുകാരികളായ അശ്വതിയും അനീനയും പറയുന്നു.

അനീറ്റ, നൻമ റേച്ചൽ, എം അശ്വതി, അനീന എൽസ

നാടേറ്റെടുത്ത ‘നോ ടു ഡ്രഗ്’

എം വി പ്രദീപ്
തിരുവനന്തപുരം

ലഹരി വിപത്തിനെതിരെ ബൃഹത്തായ പദ്ധതികളാണ് രണ്ടുവർഷം സർക്കാർ നടപ്പാക്കിയത്. ‘നോ ടു ഡ്രഗ്’ ക്യാമ്പയിനിലൂടെ ഒരു കോടിയിലധികം പേർ അണിനിരന്ന ലഹരിവിരുദ്ധ ശൃംഖല സൃഷ്ടിച്ചു. മയക്കുമരുന്നിനെതിരെയുള്ള പ്രചാരണത്തിൽ രണ്ടു കോടി ഗോൾ അടിച്ചു.

- ഊടുവഴികളിലൂടെയുള്ള ലഹരിക്കടത്ത് തടയാൻ മൊബൈൽ പട്രോളിങ് യൂണിറ്റ് ‘കെമു’ സ്ഥാപിച്ചു
- ഇതിന് 33 മഹീന്ദ്ര ബൊലേറോ വാഹനം
- എക്സൈസ് ഉദ്യോഗസ്ഥ സുരക്ഷയ്ക്ക് 60 പുതിയ തോക്ക്
- എക്സൈസ് ഓഫീസിൽ വീഡിയോ കോൺഫറൻസിങ് സംവിധാനം
- എട്ട് പ്രധാന ചെക്ക് പോസ്റ്റിൽ സിസിടിവി
- മയക്കുമരുന്ന് കണ്ടെത്താൻ പുതിയ 450 ഡ്രഗ് ഡിറ്റക്ഷൻ കിറ്റ്

വേട്ടയിലും മുന്നിൽ

- അബ്കാരി കേസ് 35,578
- എൻഡിപിഎസ് കേസ് 10,013
- സ്പിരിറ്റ് 34,593 ലിറ്റർ
- ചാരായം 14,256 ലിറ്റർ
- വാഷ് 7,96,572 ലിറ്റർ
- കഞ്ചാവ് 74. 68 ക്വിന്റൽ
- എംഡിഎംഎ 15.85 കിലോ
- വ്യാജമദ്യം 44,211 ലിറ്റർ
- ഹാഷിഷ് ഓയിൽ 45.9 കിലോ
- പുകയില ഉൽപ്പന്നങ്ങൾ 631. 73 ക്വിന്റൽ
- കഞ്ചാവ് ചെടി 3851



ആ നോവിൽ സ്നേഹംപുരട്ടി

വിനോദ് പായം
കാസർകോട്

എൻഡോസൾഫാൻ ദുരിതബാധിതരുടെ ദൈന്യതയ്ക്ക് പിണറായി സർക്കാരിന്റെ ഇച്ഛാശക്തിയിൽ പൂർണ പരിഹാരമാകുന്നു. ദുരിതബാധിത പഞ്ചായത്ത് പരിധിയില്ലാതെ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചതുമുതൽ നിരവധി പ്രവർത്തനങ്ങളാണ് ഇവരുടെ കണ്ണീരൊപ്പാൻ സർക്കാർ ചെയ്തത്. 287 പേരെക്കൂടി ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി. ഒരുവീട്ടിൽ കൂടുതൽ ഇരകൾ ഉണ്ടെങ്കിൽ അവരെക്കൂടി ഉൾപ്പെടുത്താൻ നടപടിയെടുത്തു. ഏറ്റവും ഒടുവിൽ ജില്ലയിലെ 5156 ദുരിതബാധിതർക്ക് 65 ദിവസംകൊണ്ട് 203.24 കോടി രൂപയുടെ സഹായം കൈമാറി. ഒറ്റക്ഷേമ പദ്ധതിയിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ ഇത്രയും കൂടിയ തുക നൽകുന്നത് കേരള ചരിത്രത്തിൽത്തന്നെ ആദ്യമാകും.

ഇതുവരെ 433 കോടി

കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ട മുഴുവൻ ആളുകൾക്കും അഞ്ചു ലക്ഷം രൂപ വീതമുള്ള ധനസഹായ വിതരണം കഴിഞ്ഞവർഷമാണ് പൂർത്തിയാക്കിയത്. അതടക്കം പെൻഷനും ധനസഹായവുമായി ഇതുവരെ 433 കോടി രൂപ കൈമാറി. വീട്ടിനുള്ളിൽത്തന്നെ കഴിയുന്ന 5285 പേർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നു. ദുരിതബാധിത കുടുംബങ്ങളുടെ വായ്പ എഴുതിത്തള്ളാൻ 6.82 കോടി രൂപ ബാങ്കുകൾക്ക് നൽകി. കൂട്ടിരിപ്പുകാർക്കും കിടപ്പിലായ രോഗികളെ ശുശ്രൂഷിക്കുന്നവർക്കും പ്രതിമാസം 700 രൂപ വീതം നൽകുന്നു. 818 പേർക്ക് പ്രത്യേക ധനസഹായം വേറെയും. ബഡ്സ് സ്കൂളിലും ഒന്നുമുതൽ ഏഴുവരെ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കും 2000 രൂപ വീതവും എട്ടു മുതൽ 10 വരെ 3000 രൂപ വീതവും നൽകും.

പ്ലസ്ടുകാർക്ക് 4000 രൂപയാണ്. ദുരിതബാധിതരെ ചികിത്സിക്കാൻ എംപാനൽ ചെയ്ത ആശുപത്രികളിലെ ചികിത്സയ്ക്ക് 20.14 കോടിയും വാഹനസൗകര്യത്തിന് 6.97 കോടിയുമുൾപ്പെടെ 27.11 കോടി രൂപ ഈ വർഷമാദ്യംവരെ നൽകി.

പുനരധിവാസ ഗ്രാമം ഉയരുന്നു

മുള്ളിയാർ മുതലപ്പാറയിൽ പുനരധിവാസഗ്രാമത്തിന്റെ ഒന്നാംഘട്ട നിർമാണവും പൂർത്തിയാകുകയാണ്. 4.89 കോടിയുടേതാണ് പദ്ധതി. ഒന്നാംഘട്ടത്തിൽ ക്ലിനിക്കൽ സൈക്കോളജി ബ്ലോക്ക്, കൺസൾട്ടിങ് ഹൈഡ്രോതെറാപ്പി ബ്ലോക്ക് എന്നിവ സ്ഥാപിക്കും.

മാലിന്യത്തിന് വിട എന്നെന്നേക്കും

- ലോക ബാങ്ക് സഹായത്തോടെ നഗരങ്ങളിൽ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന് 2400 കോടി രൂപ
- ഉറവിടമാലിന്യ സംസ്കരണത്തിന് ഗാർഹികതലത്തിൽ 17,178 ബയോഗ്യാസ് പ്ലാന്റും 5,97,695 കമ്പോസ്റ്റിങ് ഉപാധിയും
- 20 കമ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ്, 210 കമ്യൂണിറ്റിതല കമ്പോസ്റ്റിങ് യൂണിറ്റ്
- 2870 സ്ഥാപനതല കമ്യൂണിറ്റി കമ്പോസ്റ്റിങ് യൂണിറ്റ്
- അജൈവമാലിന്യം തരംതിരിച്ച് സൂക്ഷിക്കാൻ 1066 സ്ഥിരം എംസിഎഫ്
- അജൈവമാലിന്യത്തിൽനിന്ന് വിഭവ വീണ്ടെടുപ്പിന് 179 സ്ഥിരം റിസോഴ്സ് റിക്കവറി സെന്റർ
- വാതിൽപ്പടി പാഴ്വസ്തു ശേഖരണത്തിന് 1034 തദ്ദേശസ്ഥാപനത്തിൽ ഹരിതകർമസേന
- വൃത്തിയുള്ള കേരളം വലിച്ചെറിയൽമുക്ത കേരളം ക്യാമ്പയിൻ
- പൊതു ഇടങ്ങൾ മാലിന്യമുക്തമാക്കൽ പദ്ധതി
- ജലാശയങ്ങളിലെ ഖരമാലിന്യം നീക്കംചെയ്യൽ
- ജില്ലയിൽ രണ്ടുവീതം തദ്ദേശസ്ഥാപനങ്ങളിൽ ദ്രവമാലിന്യ സംസ്കരണ പദ്ധതി
- 2021നു ശേഷം രണ്ട് സ്ഥാപനതല സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്
- അറവു മാലിന്യം മൂല്യവർധിത ഉൽപ്പന്നങ്ങളാക്കാൻ 42 റെൻഡറിങ് പ്ലാന്റ്
- നിർമാണ അവശിഷ്ടം നിർമാർജനം ചെയ്യാൻ മാർഗരേഖ

മാലിന്യ സംസ്കരണത്തിന് ആധുനിക സാങ്കേതികവിദ്യ. യാഥാർഥ്യമാക്കാൻ ജനപങ്കാളിത്തം. മാലിന്യമുക്ത സംസ്ഥാനത്തിലേക്കുള്ള യാത്രയിലാണ് **കേരളം**

ഹൈസ്പീഡിൽ കെ ഫോൺ

അനുദിനം മുന്നോട്ട്

- 2600 കിലോമീറ്റർ ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ സ്ഥാപിക്കാനുള്ളതിൽ 2519 കിലോമീറ്റർ പൂർത്തീകരിച്ചു
- 22,876 കിലോ മീറ്റർ അനുബന്ധ കേബിൾ (എഡിഎസ്എസ് ഒഎഫ്സി) ശൃംഖലയിൽ 11,906 കി.മീ പൂർത്തീകരിച്ചു
- 375 പോപ്പിൽ (പോയിന്റ് ഓഫ് പ്രസൻസ്) 316 എണ്ണം പൂർത്തിയായി
- കളമശേരിയിൽ നെറ്റ്വർക്ക് ഓപ്പറേറ്റിങ് സെന്റർ സജ്ജം.
- 16,973 സർക്കാർ സ്ഥാപനത്തിൽ കണക്ഷനെത്തി
- മണ്ഡലങ്ങളിലെ 100 വീടിനെങ്കിലും ആദ്യഘട്ടത്തിൽ കണക്ഷൻ

ജി രാജേഷ് കുമാർ
തിരുവനന്തപുരം

കേരളത്തിന്റെ സ്വപ്നപദ്ധതിയായ കെ ഫോൺ ഹൈസ്പീഡിൽ മുന്നോട്ട്. 20 ലക്ഷം കുടുംബത്തിന് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ ഉറപ്പാക്കുന്ന പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം ജൂൺ അഞ്ചിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. മുഴുവൻ സർക്കാർ സ്ഥാപനങ്ങളെയും ഒറ്റ ഇന്റർനെറ്റ് ശൃംഖലയിൽ ബന്ധിപ്പിച്ചുള്ള പ്രവർത്തനം മുന്നേറുകയാണ്. വീടുകളിൽ കണക്ഷൻ ലഭ്യമായിത്തുടങ്ങി. ആദ്യഘട്ടത്തിൽ 14,000 വീടാണ് ലക്ഷ്യം. 18,700 സർക്കാർ സ്ഥാപനവും ശൃംഖലയിലാകും.

ഇന്റർനെറ്റ് പൗരാവകാശം

ഇന്റർനെറ്റ് പൗരാവകാശമായി പ്രഖ്യാപിച്ച ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. കെ ഫോൺ കേരളത്തിൽ ഡിജിറ്റൽ അന്തരം ഇല്ലാതാക്കും. ഇൻഫർമേഷൻ ഹൈവേയുമായി ബന്ധിപ്പിച്ച് നോളജ് ഇക്കോണമിയായും ഐടി ഹബ്ബായും വളരാനുള്ള കേരളത്തിന്റെ ശ്രമത്തിന് അടിത്തറയാകും.